(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി. ഇ. ഒ. - 28
ഡി. ഇ. ഒ. ട്രെയിനി (സ്പെഷ്യൽ റിക്രൂട്ട്മെൻറ്) - 1
എ. ഇ. ഒ. - 148
അഡീഷണൽ എ. ഇ. ഒ. - 20

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

പാരലൽ കോളേജുകൾ

700 [1023] ശ്രീ. വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പാരലൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) പ്രസ്തുത കോളേജുകളിൽ എത്ര പേർ പഠിക്കുന്നുണ്ട്;

(സി) പാരലൽ കോളേജുക്കളുടെ നടത്തിപ്പിൽ ഗവൺമെൻറ് വല്ല നിയന്ത്രണവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ,ബി) ഇതിനെപ്പറ്റി ഗവൺമെൻറിന്റെ പക്കൽ വിവരങ്ങളൊന്നുമില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെൻറ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, സ്ഥലം എടുക്കൽ, ലാബറട്ടറി തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ചെലവ്

701 [1024] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, സ്ഥലം എടുക്കൽ, ലാബറട്ടറി തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടി ആകെ എത്ര കോടി രൂപാ വേണ്ടി വരും;

(ബി) സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നം എന്ന നിലയിൽ ഇവ പരിഹരിക്കുവാൻ എന്തെങ്കിലും സ്കീം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്തെന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏകദേശം 77 കോടി രൂപാ വേണ്ടി വരും.

(ബി, സി) ഈ ആവശ്യത്തിലേക്ക് ഒരു പ്രത്യേക അപേക്ഷ കേന്ദ്ര ഗവൺമെന്റിനു നടത്തിയിയിട്ടുണ്ട്. പുറമേ കെയറിൽ നിന്ന് സഹായധനം ലഭ്യമാക്കുവാൻ ഇന്ത്യാ ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

അറബി ഭാഷ വ്യാപകമായി പഠിപ്പിക്കുവാൻ സംവിധാനം

702 [1025] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് അറബി രാജ്യങ്ങളിലേയ്ക്ക് കുടിയേറ്റം തോതിൽ ഗണ്യമായി തോതിൽ പോകുന്ന സാഹചര്യത്തിൽ അറബി ഭാഷ വ്യാപകമായി പഠിപ്പിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറബി ഭാഷ വ്യാപകമായി പഠിപ്പിക്കുവാൻ ഇപ്പോഴത്തെ സംവിധാനം നിലവിലുണ്ട്.

(ബി) 'എ' യുടെ ഉത്തരത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മോഡൽ സ്കൂളുകൾ

703 [1026] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീമതി സുശീല ഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോഴത്തെ മോഡൽ സ്കൂളുകൾ ഉണ്ട്; എവിടെയെല്ലാം;

(ബി) ഈ മോഡൽ സ്കൂളുകളിൽ സമുദായത്തിന്റെ മേലേക്കിടയിൽ ഉള്ള വ്യക്തികളുടെ കുട്ടികൾക്കു മാത്രമേ പഠിക്കുവാൻ സൗകര്യം കിട്ടുന്നുള്ളു എന്നുള്ളതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ മോഡൽ സ്കൂൾ സമ്പ്രദായം സമുദായത്തിൽ രണ്ടു തരം പൗരന്മാരെ സൃഷ്ടിക്കുവാൻ കാരണമാകുന്നു എന്നുള്ളതു ശരിയാണോ;

(ഡി) അങ്ങനെയാണെങ്കിൽ ഈ മോഡൽ സ്കൂൾ സമ്പ്രദായം അവസാനിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly